(സി) പദ്ധതി ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായ ഫണ്ട് അതാത് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്നതിനും അതാത് വർഷംതന്നെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ആവശ്യാനുസരണം യഥാസമയം അനുവദിച്ചുനൽകുകയും പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

സർക്കാർ ഉടമസ്ഥതയിലുള്ള തിയേറ്ററുകൾ നവീകരിക്കാൻ പദ്ധതി

20 (*20) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉടമസ്ഥതയിലുള്ള തിയേറ്ററുകൾ നവീകരിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) ഉണ്ട്.

(ബി) ആധുനിക രീതിയിലുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നവീകരിച്ച തീയേറ്ററുകളിലൂടെ സാധാരണ ജനങ്ങൾക്ക് മെച്ചപ്പെട്ട സിനിമാ ആസ്വാദനം ലഭ്യമാക്കുക എന്നതാണ് ഉദ്ദേശലക്ഷ്യം. സിനിമ പൂർണ്ണമായും ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ ആയതിനാൽ ചെറിയ ബജറ്റിലുള്ള സിനിമകൾക്കും പ്രേക്ഷകശ്രദ്ധ ലഭിക്കുവാൻ തീയേറ്ററുകളുടെ നവീകരണംകൊണ്ട് സാധിക്കുന്നുണ്ട്.

(സി) സർക്കാർ ഉടമസ്ഥതയിലുള്ള തീയേറ്ററുകൾ നവീകരിക്കുന്നതിനായി ആവശ്യമുള്ള തുക ബഡ്ജറ്റിൽ വകയിരുത്തുകയും ആയത് അനുവദിച്ചു നൽകിയിട്ടുമുണ്ട്. കൂടാതെ തീയേറ്റർ നിർമ്മിക്കുന്നതിനായും തീയേറ്ററുകളുടെ നവീകരണത്തിനുമായി പരിശരഹിത വായ്പയും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly